## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 845 — 10.06.2019-ൽ മറുപടിക്ക്

## വയനാട് ജില്ലയിൽ നിയമിക്കപ്പെട്ട മെന്റർ ടീച്ചർമാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വയനാട് ജില്ലയിൽ നിയമിക്കപ്പെട്ട മെന്റർ ടീച്ചർമാരുടെ എണ്ണം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | വയനാട് ജില്ലയിൽ പ്രൈമറി ക്ലാസുകൾ ഉള്ള 234 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി "ഗോത്രബന്ധു" പദ്ധതി പ്രകാരം 241 പേരെ നിയമിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ മെന്റർ ടീച്ചർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് ഇപ്പോൾ ആലോചനയില്ല. |
| ബി) | നിലവിൽ ഏതെല്ലാം ജില്ലകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്; മെന്റർ ടീച്ചർമാരുടെ നിയമനം മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | നിലവിൽ വയനാട്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. 2017-18 അധ്യയന വർഷം വയനാട് ജില്ലയിൽ പ്രൈമറി ക്ലാസുകൾ ഉള്ള 234 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 241 പേരെയും, 2018-19 വർഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ പ്രൈമറി ക്ലാസുകൾ ഉള്ള 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 26 പേരെയും "ഗോത്രബന്ധു" പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.<br><br>പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ "ഗോത്രബന്ധു" പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| സി) | മെന്റർ ടീച്ചർമാരുടെ വേതനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | സി) | 2017-18 അധ്യയന വർഷം "ഗോത്രബന്ധു" പദ്ധതിയുടെ തുടക്കത്തിൽ മെന്റർ ടീച്ചർമാരുടെ ഓണറേറിയം 15,000/- രൂപ ആയിരുന്നു. 17.03.2018 മുതൽ മെന്റർ ടീച്ചർമാരുടെ വേതനം പ്രതിദിനം 750/- രൂപ നിരക്കിൽ പ്രതിമാസം പരമാവധി 21,900/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ